# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

| | |
|---|---|
| **നക്ഷത്ര ചിഹ്നമിടാത്ത** | **03-12-2014 ൽ** |
| **ചോദ്യം നം. 931** | **മറുപടിയ്ക്ക്.** |

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ഇ.ചന്ദ്രശേഖരൻ** | | **ശ്രീ. പി.ജെ. ജോസഫ്<br>(ബഹു. ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ജലവിഭവ വകുപ്പ് ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ; | (എ)<br>&<br>(ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ജലസേചന വകുപ്പ്, കേരള വാട്ടർ അതോറിറ്റി, ജലനിധി, ഭൂജല വകുപ്പ് എന്നീ വകുപ്പുകൾ കാസർഗോഡ് ഡിവിഷനു കീഴിൽ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ യഥാക്രമം അനുബന്ധം I, അനുബന്ധം II, അനുബന്ധം III, അനുബന്ധം IV എന്നിവയായി ചേർത്തിരിക്കുന്നു. |
| (ബി) | ഓരോ പ്രവൃത്തികളുടെയും പേര്, അടങ്കൽത്തുക, പ്രവൃത്തികളുടെ പുരോഗതി എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ; | | |
| (സി) | പുതിയ ഏതെല്ലാം പദ്ധതി കളാണ് മണ്ഡലത്തിൽ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കാൻ പോകുന്നതെന്ന് വിശദമാക്കാമോ? | (സി) | **ജലനിധി**<br>ബാച്ച്-3 ൽ ഉൾപ്പെടുത്തി കിനാനൂർ-കരിന്തളം പഞ്ചായത്തിൽ ജലനിധിയുടെ ചെറിയ കുടിവെള്ള പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്തുമായി എ1 കരാറിൽ ഒപ്പിടുന്നതിനുള്ള പദ്ധതികൾ ആരംഭ ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| | | | **<u>കേരള വാട്ടർ അതോറിറ്റി</u>**<br>കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിക്കും നീലേശ്വരം മുനിസിപ്പാലിറ്റിക്കും വേണ്ടി 100 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പൊതുവായ ഒരു കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി U.I.D.S.S.M.T ധനസഹായത്തിനായി K.S.U.D.P-യിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ടി വർക്കിന് ജിക്കയുടേയോ ലോക ബാങ്കിന്റെയോ അംഗീകാരം ലഭിക്കുന്നതി-നായുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. ഇതു കൂടാതെ മടിക്കൈ ശുദ്ധജല വിതരണ പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കു വേണ്ടി 700 ലക്ഷം രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് ഡോ.പ്രഭാകരൻ കമ്മീഷൻ പാക്കേജിൽ ഉൾപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>**<u>ജലസേചന വകുപ്പ്</u>**<br>ജലസേചന വകുപ്പ് നടപ്പിലാക്കാൻ പോകുന്ന പ്രവൃത്തികളുടെ വിശദവിവരം അനുബന്ധം V ആയി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**